**131 (1863) കൃഷി ഫാമുകൾ**

ശ്രീ. കെ.സി. ജോസഫ്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ഡോ. എം.എ. കുട്ടപ്പൻ:
ശ്രീ. കെ. മുഹമ്മദാലി:
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കൃഷി ഫാമുകളുടെ പ്രവർത്തനം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി കൈക്കൊണ്ടുവെന്ന് പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് പഠിച്ച് കൃഷി അഡീഷണൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. സംസ്ഥാനതലത്തിൽ ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനായി കാർഷികോല്പാദന കമ്മീഷണർ അദ്ധ്യക്ഷനായി സംസ്ഥാനതല ഫാം കൗൺസിലും രൂപീകരിച്ചിട്ടുണ്ട്.

**132 (1864) വയനാടു ജില്ലയിൽ കൃഷി ഫാം ആരംഭിക്കുവാൻ നടപടി**

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ കൃഷി ഫാം നിലവിലില്ലാത്ത വയനാട് ജില്ലയിൽ കൃഷി ഫാം ആരംഭിക്കുവാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

കാസർഗോഡ്, പത്തനംതിട്ട, വയനാട് ജില്ലകളിൽ പുതിയ സ്പെഷ്യൽ സ്റ്റേറ്റ് ഫാമുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു വിദ്ഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചിങ്ങേരി എക്സ്റ്റൻഷൻ സ്കീമിലെ മോഡൽ ഫുഡ് ഫാം ഒരു ജില്ലാ ഫാമാക്കി മാറ്റാൻ ആലോചനയുണ്ട്.

**133 (1865) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കൃഷി, മൃഗസംരക്ഷണം, ഡയറി, കാർഷിക സർവ്വകലാശാല എന്നീ ഫാമുകളിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) ഫാമുകളിലെ സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മണ്ണു സംരക്ഷണം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ ശമ്പളപരിഷ്കരണത്തിനായി രൂപീകരിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. സ്ഥിരം തൊഴിലാളികളുടെ നിലവിലുള്ള ശമ്പള നിരക്ക് വർദ്ധിപ്പിയ്ക്കുന്നതിനും സമയബന്ധിത ഹയർഗ്രേഡിന്റെ കാലദൈർഘ്യം 10,18,23,30 വർഷങ്ങളായി പരിഷ്കരിയ്ക്കുന്നതിനും മറ്റ് അലവൻസുകൾ നിലവിലുള്ള നിരക്കിൽ നിന്നും വർദ്ധിപ്പിയ്ക്കുന്നതിനും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. കാഷ്വൽ തൊഴിലാളികളുടെ അടിസ്ഥാന ശമ്പളത്തിലും ക്ഷാമബത്തയിലും വർദ്ധനവ് ശുപാർശ ചെയ്യുന്നതോടൊപ്പം തൊഴിലാളികളുടെ ക്ഷേമത്തിനായി പലവിധ വായ്പകളും ഈ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഓരോ ഫാമിലെയും സ്ഥിരം തൊഴിലാളികളുടെ അംഗസംഖ്യ പുനർനിർണ്ണയം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ യോഗ്യരായ കാഷ്വൽ തൊഴിലാളികളിൽനിന്നും നിലവിലുള്ള വ്യവസ്ഥ പ്രകാരം നികത്തുവാൻ ജില്ലാ ഓഫീസർമാർക്ക് കൃഷി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന തലത്തിൽ ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി ഫാം കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇക്കാര്യം പഠിച്ച് കൃഷി അഡീഷണൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**134 (1866) ഫാമുകളിലെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം**

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.ഒ. (എം.എസ്) 322/97/കൃഷി തീയതി 24.12.1997 ഉത്തരവ് അനുസരിച്ച് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകൾക്ക് കീഴിലുള്ള ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്ക് പ്രതിമാസം 50 രൂപ ഇടക്കാലാശ്വാസം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് അനുസരിച്ച് മേൽപ്പറഞ്ഞ എല്ലാ സർക്കാർ ഫാമുകളിലും ഈ തുക നൽകുന്നുണ്ടോ;

(സി) ഇടക്കാലാശ്വാസം ലഭിക്കുന്നില്ല എന്ന പരാതി ഏതെങ്കിലും ഫാമുകളിലെ തൊഴിലാളികൾ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly